സി.ജി(2) **43910/08**

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി **: 12/2/2013**

**Email : keralarcs.coop@kerala.gov.in**
**Website : www.cooperation. kerala.gov.in**
**Tel : No. 0471 2330726**

# സർക്കുലർ നമ്പർ 9/2013

വിഷയം: സഹകരണ വകുപ്പ് - കേരള കാർഷിക കടാശ്വാസ പദ്ധതി-അവാർഡ്-കർഷകരുടെ വിഹിതം അടച്ചവർക്ക് ഈടുവച്ച പ്രമാണങ്ങൾ തിരികെ നൽകുന്നത്- സംബന്ധിച്ച്.

സൂചന:
1) 11.09.2012 ലെ സ.ഉ(ആർ.റ്റി) 1788/2012/എ.ഡി നമ്പർ ഉത്തരവ്.
2) സഹകരണ സംഘം രജിസ്ട്രാറുടെ 18/10/2012 ലെ 41/12 നം. സർക്കുലർ.

.................

സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത കർഷകർക്ക് കേരള കാർഷിക കടാശ്വാസ കമ്മീഷൻ അനുവദിക്കുന്ന കടാശ്വാസം അനുവദിച്ചു കൊണ്ട് പുറപ്പെടുവിക്കുന്ന അവാർഡുകളിൽ, കർഷകരുടെ വിഹിതം അടച്ചു കഴിഞ്ഞാൽ, സർക്കാരിൽ നിന്നും ലഭിക്കാനുള്ള തുക സംഘത്തിന് ലഭിക്കുമെന്നതിനാൽ, സംഘത്തിനുള്ള വിഹിതം സർക്കാരിൽ നിന്നും ലഭിക്കാനുള്ളതായി കണക്കിൽ രേഖപ്പെടുത്തി കർഷകരുടെ ഈടു പ്രമാണങ്ങൾ തിരികെ നൽകേണ്ടതാണെന്ന് സൂചന (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നുവെങ്കിലും ടി സർക്കുലർ നിർദ്ദേശം പാലിക്കാതെ ആധാരം തിരികെ നൽകുന്നതിൽ വിമുഖതകാണിക്കുന്നതായിട്ടുള്ള പരാതികൾ ഈ ആഫീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ കടാശ്വാസ കമ്മീഷന്റെ അവാർഡ് പ്രകാരം വായ്പക്കാരൻ തുക അടച്ചു കഴിഞ്ഞാൽ സർക്കാർ വിഹിതത്തിനായി കാത്തിരിക്കാതെ ഈട് പ്രമാണം തിരികെ നൽകേണ്ടതാണെന്ന് വീണ്ടും നിർദ്ദേശിക്കുന്നു. പ്രസ്തുത നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്. ടി നിർദ്ദേശം പാലിക്കുന്നതിൽ ഏന്തെങ്കിലും വീഴ്ച വരുത്തുന്ന പക്ഷം ടി വീഴ്ചകൾക്കും സകല വിധ കഷ്ട നഷ്ടങ്ങൾക്കും ബാങ്ക് സെക്രട്ടറി ഉൾപ്പെടെ ഉത്തരവാദികളായി കണക്കാക്കുന്നതാണ്.

അതുപോലെ ചില സംഘങ്ങൾ, കടാശ്വാസ കമ്മീഷന്റെ അവാർഡ് നിർദ്ദേശം പാലിച്ച് വായ്പക്കാരൻ അടയ്ക്കുന്ന തുക പലിശയിൽ വരവ് വയ്ക്കുന്നതായും സർക്കാർ വിഹിതം ലഭിച്ചശേഷം ബാക്കി വരുന്ന തുക വായ്പക്കാരൻ അടയ്ക്കണമെന്ന് നിർദ്ദേശി

ക്കുകയും ചെയ്തു വരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടാശ്വാസ കമ്മീഷൻ തീയതി നിശ്ചയിച്ച്, വായ്പ തുക നിജപ്പെടുത്തി അവാർഡ് പുറപ്പെടുവിച്ചു കഴിഞ്ഞാൽ, ടി തീയതിക്കകം പ്രസ്തുത തുക മാത്രമേ വായ്പക്കാരനിൽ നിന്നും ഈടാക്കാൻ പാടുള്ളുവെന്നും മറ്റ് തുകകളൊന്നും ഈടാക്കാൻ പാടില്ലെന്നും നിർദ്ദേശിക്കുന്നു.

മേൽ നിർദ്ദേശം എല്ലാ സംഘങ്ങളും/ബാങ്കുകളും കർശനമായി പാലിക്കേണ്ടതും, പാലിക്കുന്നുണ്ടെന്ന് വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതുമാണ്.

ഒപ്പ്,
കെ.വി.സുരേഷ് ബാബു
സഹകരണസംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)